# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1009** **10.08.2017-ൽ മറുപടിക്ക്**

**കൊല്ലം -തേനി ദേശീയ പാത**

| ചോദ്യം<br>ശ്രീ.ആർ.രാജേഷ് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(ബഹു.പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കൊല്ലം - തേനി ദേശീയ പാതയുടെ മാവേലിക്കര മണ്ഡലത്തിലൂടെ കടന്നുപോകുന്ന ഭാഗങ്ങൾ യാത്ര ദുഷ്കരമാകുന്ന വിധത്തിൽ തകർന്നു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ വരുന്ന മാവേലിക്കര നിയോജക മണ്ഡലത്തിൽ കൂടി കടന്നു പോകുന്ന കൊല്ലം - തേനി ദേശീയ പാതയിൽ ഉൾപ്പെട്ട റോഡ് ഗതാഗത യോഗ്യമാണ്. കാലവർഷം മൂലം പുതിയതായി രൂപപ്പെട്ട കുഴികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത റോഡ് പുനരുദ്ധരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; നാളിതുവരെ സ്വികരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) പ്രസ്തുത റോഡ് പുനരുദ്ധരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതനുസരിച്ച് പ്രസ്തുത പ്രവൃത്തി ശബരിമല ഫെസ്റ്റിവൽ 2017-18 വർക്കിൽ, ഉപരിതല നവീകരണം നടത്തുന്നതിനായുള്ള പ്രവൃത്തികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് ഭരണാനുമതി നൽകുന്ന പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. |
| (സി) ആവശ്യമായ സൈൻ ബോർഡുകൾ ഈ ദേശീയപാതയിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) പ്രസ്തുത ദേശീയപാതയിൽ റോഡ് സുരക്ഷാ ആഡിറ്റ് നടന്നു വരികയാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് സൈൻ ബോർഡുകൾ. സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

S. Brijesh

സെക്ഷൻ ഓഫീസർ